കേരള ടൂറിസത്തിന് അംഗീകാരം

286 (4572) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര ടൂറിസം വികസനത്തിനായി നൂതന സംരംഭങ്ങൾ രൂപപ്പെടുത്താൻ ആഗോള നേതൃത്വം നൽകിയതിന് കേരള ടൂറിസത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയതിനാണ് ഈ അംഗീകാരം ലഭിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അംഗീകാരം ലഭിക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ& ബി) ഉണ്ട്. സുസ്ഥിര ടൂറിസം വികസനത്തിനുള്ള നൂതന സംരംഭമായി 'ഉത്തരവാദിത്ത ടൂറിസം' എന്ന പദ്ധതി ടൂറിസം വകുപ്പ് നടത്തിവരുന്നു. ഇന്നൊവേഷൻ ഇൻ പബ്ലിക് പോളിസി ആന്റ് ഗവേണൻസ് വിഭാഗത്തിൽ കുമരകത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കിയതിന് 'UNWTO ഉല്ലീസിസ് അവാർഡ് 2013' എന്ന അന്താരാഷ്ട്ര അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) UNWTO-ക്ക് അവാർഡിന് അപേക്ഷിക്കുന്നതിന് മുന്നോടിയായി സെക്രട്ടറി ജനറലിന് കുമരകം മോണോഗ്രാഫ് നൽകുകയും അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചുകൊണ്ട് ഉത്തരവാദിത്ത ടൂറിസത്തിലൂടെ കുമരകത്തും കേരളത്തിലും നടത്തിയ പ്രവർത്തനങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. വസ്തുതകൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനായി UNWTO പ്രതിനിധികൾ രണ്ടു തവണ കുമരകം സന്ദർശിക്കുകയുമുണ്ടായി.

സീ - പ്ലെയിൻ പദ്ധതി

287(4573) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് സീ-പ്ലെയിൻ പദ്ധതി എന്നാണ് ആരംഭിച്ചത്; ഏത് ഏജൻസി വഴിയാണ് പദ്ധതി നടപ്പിലാക്കിയത്; ഏതൊക്കെ സ്ഥലങ്ങളിൽ നടപ്പിലാക്കി; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സീ-പ്ലെയിൻ പദ്ധതിക്ക് നിക്ഷേപം കണ്ടെത്തിയത് ഏതൊക്കെ മാർഗ്ഗത്തിലൂടെയാണ്; ഇതിൽ സംസ്ഥാന സർക്കാരും സർക്കാരിതര ഏജൻസികളും കൂടി എത്ര രൂപ നിക്ഷേപം നടത്തിയിട്ടുണ്ട്; പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ?

ഉത്തരം

(എ) പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം 2-6-2013-ന് കൊല്ലം അഷ്ടമുടിയിൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. പദ്ധതിയുടെ നോഡൽ ഏജൻസിയായി ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെയാണ് (കെ.ടി.ഐ.എൽ.) നിയോഗിച്ചിരിക്കുന്നത്. കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്ടേഴ്സ് ലിമിറ്റഡ് നടത്തിയ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ എന്നീ മുൻഗണനാ പ്രദേശങ്ങളിൽ അഷ്ടമുടി, പുന്നമട എന്നിവിടങ്ങളിൽ മാത്രമാണ് അടിസ്ഥാന സൗകര്യവികസനം പൂർത്തീകരിച്ചത്.

(ബി) സീ - പ്ലെയിൻ പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർ ഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ നിർവ്വഹിക്കുന്നത്. ഇതിനാവശ്യമായ നിക്ഷേപം സർക്കാർ നേരിട്ടാണ് നടത്തുന്നത്, അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 5,68,09,202 രൂപയാണ് നിക്ഷേപം നടത്തിയിട്ടുള്ളത്. കേന്ദ്ര സർക്കാർ ഏജൻസികളായ ഡി.ജി.സി.എ., ബി.സി.എ.എസ്. സിവിൽ ഏവിയേഷൻ മുതലായവരിൽനിന്നും അനുമതി ലഭിക്കുന്ന സ്വകാര്യ ഓപ്പറേറ്റർമാർക്ക് "ഓപ്പൺ സ്കൈ പോളിസി" പ്രകാരം സർവ്വീസ് നടത്താവുന്ന രീതിയിലാണ് ഇപ്പോൾ വിഭാവനം ചെയ്തിരിക്കുന്നത്. ആയതിനാൽ സർക്കാരിതര ഏജൻസികളുടെ നിക്ഷേപം സംബന്ധിച്ച വിവരം ലഭ്യമല്ല. പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ വാട്ടർ ഡ്രോമും മറ്റ് അനുബന്ധ സൗകര്യങ്ങളും മുൻഗണനാ പ്രദേശങ്ങളായ അഷ്ടമുടി, പുന്നമട, കുമരകം, ബോൾഗാട്ടി, ബേക്കൽ മുതലായ പ്രദേശങ്ങളിൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇവയിൽ കൊല്ലത്തും പുന്നമടയിലും പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിമാനത്താവളങ്ങളെ പദ്ധതിയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. പൂർണ്ണ തോതിലുള്ള ജലവിമാന സർവ്വീസ് ജനുവരിയോടെ ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly